**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 51** **07-06-2021 - ൽ മറുപടിയ്ക്ക്**

**തൊഴിൽ നഷ്ടപ്പെട്ട പ്രവാസികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് മഹാമാരി മൂലം തൊഴിൽ നഷ്ടപ്പെട്ട് വിദേശ രാജ്യങ്ങളിൽനിന്നും തിരിച്ചെത്തിയ പ്രവാസി മലയാളികളെ സംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ; | (എ) | കോവിഡ് ജാഗ്രത പോർട്ടൽ പ്രകാരം 10,21,503 പ്രവാസികൾ കോവിഡ് മഹാമാരി മൂലം വിദേശ രാജ്യങ്ങളിൽ നിന്നും തിരികെയെത്തിയിട്ടുണ്ട്. |
| (ബി) | ഇപ്രകാരം തൊഴിൽ നഷ്ടപ്പെട്ട പ്രവാസി മലയാളികൾക്ക് ധനസഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | 2020 ജനുവരി ഒന്ന് മുതൽ 2020 മെയ് 5 വരെ വിദേശ രാജ്യങ്ങളിൽ നിന്നും valid passport, valid job visa എന്നിവയുമായി നാട്ടിൽ തിരിച്ചെത്തി ലോക്ഡൗൺ കാരണം തൊഴിലിടങ്ങളിലേക്ക് തിരികെ പോകാൻ കഴിയാത്തവർക്ക് 5,000/- രൂപ വീതം അടിയന്തര ധനസഹായം നൽകിയിരുന്നു. ഇതു കൂടാതെ കോവിഡ് ബാധിച്ച പ്രവാസികൾക്ക് നോർക്ക റൂട്ട്സ് മുഖേനയും, പ്രവാസി ക്ഷേമനിധി ബോർഡിന്റെ അംഗത്വമുള്ളവർക്ക് പ്രവാസി ക്ഷേമനിധി ബോർഡ് മുഖേനയും 10,000/- രൂപ വീതം ധനസഹായം അനുവദിച്ചിരുന്നു. |
| (സി) | കോവിഡ്-19 മൂലം വിദേശ രാജ്യങ്ങളിൽ കുടുങ്ങിക്കിടക്കുന്ന മലയാളികളെ നാട്ടിൽ തിരിച്ചെത്തിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (സി) | വിദേശ രാജ്യങ്ങളിൽ കുടുങ്ങിക്കിടന്ന പ്രവാസികളെ നാട്ടിൽ എത്തിക്കുന്നതിന് 26.04.2020 ന് നോർക്ക രജിസ്ട്രേഷൻ അരംഭിച്ചിരുന്നു. രജിസ്റ്റർ ചെയ്ത പ്രവാസികളുടെ വിവരങ്ങൾ വിദേശകാര്യ മന്ത്രാലയത്തിന് കൈമാറുകയും ഇവരെ പ്രത്യേകം വിമാനങ്ങൾ സജ്ജമാക്കി അതാതു രാജ്യങ്ങളിൽ നിന്ന് കേരളത്തിലെ 4 എയർ പോർട്ടുകളിലായി എത്തിക്കാൻ വേണ്ട ഫലപ്രദമായ ഇടപെടലുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തിയ പ്രവാസി മലയാളികൾക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിനുവേണ്ടി ധനസഹായം/ വായ്പ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് നിലവിലുള്ള പദ്ധതിയായ നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ്(NDPREM) വിപുലീകരിച്ചു. |

| | | | |
|---|---|---|---|
| | | | സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയും നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ